(സി) സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുവാനും നടപടികൾ സ്വീകരിക്കുവാനും നിലവിലുള്ള കുറ്റാന്വേഷണ സംവിധാനങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ) 2010 മുതൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സൈബർ കുറ്റകൃത്യങ്ങളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു :

വർഷം	2010	2011	2012	2013	2014	2015 (14-7-2015 വരെ)
ആകെ	172	285	324	390	466	192

(ബി) ഓരോ വർഷവും സൈബർ കുറ്റകൃത്യങ്ങളിൽ മുൻവർഷങ്ങളെ അപേക്ഷിച്ചുള്ള വർദ്ധനവ് ചുവടെ ചേർത്തിരിക്കുന്നു :

വർഷം	2010	2011	2012	2013	2014
വർദ്ധനവ് (ശതമാനത്തിൽ)	...	65.70	13.68	20.37	19.49

(സി) കേരളത്തിൽ സൈബർ ക്രൈം പോലീസ് സ്റ്റേഷൻ ക്രൈംബ്രാഞ്ച് മേധാവിയുടെയും ഓർഗനൈസ്ഡ് ക്രൈം വിംഗ്-I ന്റെ പോലീസ് സൂപ്രണ്ടിന്റെയും മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ എല്ലാ പോലീസ് ജില്ലകളിലും സൈബർ സെല്ലുകൾ പ്രവർത്തിക്കുന്നു. ജില്ലകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് സഹായിക്കുന്നതും പരാതികൾ അന്വേഷിക്കുന്നതും സൈബർ സെല്ലുകൾ മുഖേനയാണ്. കൂടുതൽ സൈബർ സാങ്കേതികവിദ്യ ആവശ്യമുള്ള കേസുകളാണ് സൈബർ പോലീസ് സ്റ്റേഷനിൽ അന്വേഷിച്ചുവരുന്നത്. ഇതുകൂടാതെ സംസ്ഥാന തലത്തിൽ പരാതികൾ അന്വേഷിക്കുന്നതിനായി തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്ത് Hi-tech Crime Enquiry Cell-ഉം പ്രവർത്തിച്ചുവരുന്നു.

പോലീസ് ഉദ്യോഗസ്ഥർക്ക് അപകട ഇൻഷ്വറൻസ്

137 (4472) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഉദ്യോഗസ്ഥർക്ക് അപകട ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം കാര്യങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത് വിശദാംശങ്ങൾ നല്കുമോ ;

(സി) ഇതിനുള്ള ധനം എങ്ങനെയാണ് കണ്ടെത്തുന്നത് ; വിശദമാക്കുമോ ,

(ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; , വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പോലീസ് ഉദ്യോഗസ്ഥർക്ക് ചികിത്സാ ധനസഹായം നൽകുന്നതിനായുള്ള ഒരു ഇൻഷ്വറൻസ് പദ്ധതിക്ക് 1-2-2014-ലെ സർക്കാർ ഉത്തരവ് നമ്പർ 20/2014/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി -ഡി) പോലീസ് സേനയിലെ 56000 പേരെ ഉൾപ്പെടുത്തി മൊത്തം പ്രീമിയവും സർക്കാർ വഹിച്ചുകൊണ്ട് 20 കോടി രൂപയുടെ വാർഷിക ചെലവു പ്രതീക്ഷിക്കുന്ന പദ്ധതിയാണിത്. ഇൻഷ്വറൻസ് പരിരക്ഷ സംബന്ധിച്ചും പദ്ധതി നടത്തിപ്പിൽ വരുന്നതുമായി ബന്ധപ്പെട്ടുമുള്ള ഫയൽ സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. വിശദാംശങ്ങൾ വ്യക്തമാക്കാറായിട്ടില്ല.

ആദിവാസി ഭൂമി തട്ടിപ്പ്

138 (T* 4473) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ ആദിവാസികളുടെ ഭൂമി കാറ്റാടിക്കമ്പനിക്കുവേണ്ടിയും മറ്റും തട്ടിയെടുത്തത് സംബന്ധിച്ച കേസുകളുടെ അന്വേഷണത്തിന്റെ വിശദവിവരം നല്കാമോ ;

(ബി) പ്രസ്തുത വിഷയത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അവയിൽ ഉൾപ്പെട്ടിട്ടുള്ള പ്രതികളെ സംബന്ധിച്ച വിശദവിവരം നല്കാമോ ;

(സി) ആദിവാസി ഭൂമി തട്ടിപ്പിൽ ഉദ്യോഗസ്ഥർക്കും രാഷ്ട്രീയ കക്ഷികൾക്കുമുള്ള പങ്കിനെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ആദിവാസി ഭൂമി തട്ടിപ്പ് പ്രശ്നത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ചകളെപ്പറ്റി സമഗ്രമായ അന്വേഷണം നടത്തുമോ ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly